# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 512 24.10.2011-ൽ മറുപടിയ്ക്ക്

## സ്വകാര്യ മേഖലയിൽ പുതിയ ദന്തൽ കോളേജുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ഡോ.കെ.ടി. ജലീൽ :<br>ശ്രീ. ഇ.പി. ജയരാജൻ :<br>ശ്രീ. എം. ഹംസ :<br>ശ്രീ. റ്റി.വി. രാജേഷ്: | ശ്രീ. അടൂർ പ്രകാശ്<br>(ആരോഗ്യവും കയറും വകുപ്പ് മന്ത്രി) |
| (എ)പുതുതായി ദന്തൽ കോളേജുകൾ തുടങ്ങുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;<br><br>(ബി) അതിന് സ്വകാര്യ മേഖലയിൽ നിന്ന് അപേക്ഷകൾ ലഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ; | (എ)&(ബി) പുതുതായി ദന്തൽ കോളേജുകൾ ആരംഭിക്കുന്നതിനായി സ്വകാര്യമേഖലയിൽ നിന്നും സൺഷൈൻ എഡ്യൂക്കേഷണൽ ട്രസ്റ്റ് മലയാലപ്പുഴ, പത്തനംതിട്ട, തുഷാരഗിരി ചാരിറ്റബിൾ ട്രസ്റ്റ് കോഴിക്കോട്, ഗുരുദേവ ചാരിറ്റബിൾ ട്രസ്റ്റ്, കുത്തിയതോട്.പി.ഒ., എറണാകുളം എന്നിവർക്ക് സർക്കാർ NOC നൽകിയിട്ടുണ്ട്. നിലവിലുള്ളവയിൽ സീറ്റിന്റെ എണ്ണം വർദ്ധിപ്പിക്കുന്നതിനായി (അറുപതിൽ നിന്നും നൂറ്റിപ്പത്ത് ആക്കുന്നതിനായി) അമൃത സ്ക്കൂൾ ഓഫ് ഡന്റിസ്ട്രി, കൊച്ചി എന്ന സ്ഥാപനത്തിനും NOC നൽകിയിട്ടുണ്ട്. നിലവിലുള്ള സീറ്റിന്റെ എണ്ണം (40-100) വർദ്ധിപ്പിക്കുന്നതിന് ശ്രീ ശങ്കരാ എഡ്യൂക്കേഷണൽ ആന്റ് ചാരിറ്റബിൾ ട്രസ്റ്റ് വർക്കല നൽകിയ അപേക്ഷ സർക്കാർ പരിശോധിച്ചുവരികയാണ്. പുതിയ ഡന്റൽ കോളേജ് തുടങ്ങുന്നതിനായി ആജ്ഞനേയ മെഡിക്കൽ ട്രസ്റ്റ്, കോഴിക്കോട് നൽകിയ അപേക്ഷയും സർക്കാർ പരിശോധിച്ചുവരുന്നു. |

| | |
|---|---|
| (സി) സ്വകാര്യ മേഖലയിൽ നിന്ന് ലഭിച്ച അപേക്ഷയിൽ സ്വീകരിക്കേണ്ട നിലപാടിനെപ്പറ്റി ഇന്ത്യൻ ദന്തൽ കൗൺസിലിന്റെ നിർദ്ദേശം എന്താണെന്ന് വിശദമാക്കാമോ ; | (സി) സ്വകാര്യ മേഖലയിൽ നിന്ന് ലഭിക്കുന്ന അപേക്ഷയിൽ സ്വീകരിക്കേണ്ട നടപടികളെ ക്കുറിച്ച് ഇന്ത്യൻ ദന്തൽ കൗൺസിലിന്റെ നിർദ്ദേശങ്ങൾ ലഭിച്ചിട്ടുണ്ട്. ദന്തൽ കോളേജുകളുടെ വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിനായി സ്വകാര്യ മേഖലയിൽ പുതിയ കോളേജുകൾ അനുവദിക്കുന്നതിനും, നിലവിലുള്ളവയിൽ സീറ്റുകളുടെ എണ്ണം വർദ്ധിപ്പിക്കുന്ന കാര്യത്തിലും നിയന്ത്രണം ഏർപ്പെടുത്തണമെന്നുമാണ് അതിൽ നിർദ്ദേശിച്ചി ച്ചിട്ടുള്ളത്. |
| (ഡി) ദന്തൽ കോളേജ് സ്വകാര്യ മേഖലയിൽ വീണ്ടും തുടങ്ങുന്നതിന് ലഭിച്ച അപേക്ഷയിൽ സർക്കാർ നിലപാട് വ്യക്തമാക്കാമോ; നിലവിൽ സർക്കാർ/ സ്വകാര്യ മേഖലയിൽ എത്ര ദന്തൽ കോളേജുകൾ പ്രവർത്തിച്ചു വരുന്നു ? | (ഡി) സ്വകാര്യമേഖലയിൽ ദന്തൽ കോളേജുകൾ വീണ്ടും അനുവദിക്കണമെന്ന അപേക്ഷയിന്മേൽ ദന്തൽ കൗൺസിൽ അനുശാസിക്കുന്ന വിധത്തിൽ സൗകര്യങ്ങൾ ഒരുക്കുകയും ആകെ സീറ്റിന്റെ 50%-ൽ സർക്കാർ ക്വോട്ടയിൽ നിന്നും അഡ്മിഷൻ നൽകും എന്ന് സർക്കാരുമായി കരാറുണ്ടാക്കുകയും ചെയ്യുന്ന സ്ഥാപനങ്ങൾക്ക് പുതിയ ദന്തൽ കോളേജുകൾ ആരംഭിക്കുന്നതിന് അനുമതി നൽകണമെന്നതാണ് സർക്കാർ നിലപാട്.<br>നിലവിൽ സർക്കാർ മേഖലയിൽ 3 ഗവൺമെന്റ് ദന്തൽ കോളേജുകളും, സ്വകാര്യ മേഖലയിൽ 20 ദന്തൽ കോളേജുകളും ഉണ്ട്. |

സെക്ഷൻ ഓഫീസർ